**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3282** **26-06-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശനത്തിന് അൺഎയ്ഡഡ് മേഖലയെ ആശ്രയിക്കേണ്ട സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകളുടെ കുറവ് കാരണം പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ കൂടുതൽ ചെലവ് വഹിച്ച് അൺഎയ്ഡഡ് മേഖലയെ ആശ്രയിക്കേണ്ട അവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ.ഉ.(കൈ) നം 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24<br><br>വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ<br><br>സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയിഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും ആവശ്യപ്പെടുന്ന<br><br>എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളത് . സപ്ലിമെന്ററി അലോട്ട്മെൻറിൽ ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനപ്പെടുത്തി സീറ്റിന്റെ കുറവുള്ള<br><br>ജില്ലകളിൽ ആവശ്യമായ ക്രമീകരണങ്ങൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ് . |
| (ബി) | വിദ്യാഭ്യാസ ചെലവ് നേരിടാൻ കഴിവുള്ളവർ മാത്രം പഠിച്ചാൽ മതി എന്ന സർക്കാരിന്റെ നിലപാടാണ് പ്രസ്തുത സ്ഥിതിവിശേഷത്തിൽ പ്രതിഫലിക്കുന്നത് എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | അങ്ങനെ ഒരു നിലപാട് സർക്കാരിനില്ല. സപ്ലിമെന്ററി അലോട്ട്മെന്റിൽ ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനപ്പെടുത്തി സീറ്റിന്റെ കുറവുള്ള ജില്ലകളിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ